പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.311 — 10.05.2017 ൽ മറുപടിയ്ക്ക്

## മായം കലർത്തുന്നത് തടയാൻ ഭക്ഷ്യവകുപ്പിനുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. സി.മമ്മൂട്ടി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്താൻ ഭക്ഷ്യവകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്താൻ ആവശ്യമായ സന്ദർഭങ്ങളിൽ സാധനങ്ങളുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കൂടാതെ കോന്നിയിലുള്ള സി.എഫ്.ആർ.ഡി. ലാബിലും എല്ലാ ഭക്ഷ്യവസ്തുക്കളും റാൻഡമായി സാമ്പിളെടുത്ത് പരിശോധന നടത്തി വരുന്നു. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സംസ്ഥാനത്തെ സിവിൽ സപ്ലൈസ് വില്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ഐ.എസ്.ഒ. 22000/ എച്ച്.എ.സി.സി.പി/ അശ്മാർക്ക്/ എഫ്.എസ്.എസ്.എ.ഐ. ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് സി.എഫ്.ആർ.ഡി. യിൽ ഗുണനിലവാര പരിശോധന നടത്തുന്നു. |

| | | | |
|---|---|---|---|
| (ബി) | മായം ചേർക്കലിനെതിരെ ആരോഗ്യവകുപ്പിനുകീഴിൽ പരിശോധനാ സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ, ഇരുവിഭാഗങ്ങളുടെയും ഏകോപനം ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ആരോഗ്യ വകുപ്പുമായി ഏകോപിച്ച് മായം ചേർക്കലിനെതിരെ ഒരു സംവിധാനവും നിലവിലില്ല. |
| (സി) | നിത്യോപയോഗ സാധനങ്ങളായ അരി, വെളിച്ചെണ്ണ, ധാന്യങ്ങൾ എന്നിവയിലെല്ലാം അതീവ ഹാനികരമായ മായവും ചായവും ചേർക്കുന്ന ഗുരുതരമായ സ്ഥിതിയിൽ ഭക്ഷ്യവകുപ്പ് കർശന പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കും. സപ്ലൈകോ വില്പനശാലകളിലേക്ക് വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളിൽ ഹാനികരമായ മായം ചേർക്കുന്നത് തടയുന്നതിന് ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുണ്ട്. കുറ്റക്കാർക്കെതിരായി കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ